(ഡി) താൽക്കാലിക നിയമനം ലഭിച്ചു ഒരു വർഷത്തിലേറെയായി സർവീസിൽ തുടരുന്ന ഇവർക്കെതിരെ കോടതി വിധി ഉണ്ടായിട്ടുണ്ടോ ;

(ഇ) എങ്കിൽ കോടതിവിധി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(എഫ്) ഇവരെ സർവ്വീസിൽ നിന്ന് നീക്കം ചെയ്ത് ആ ഒഴിവുകളിലേക്ക് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ജി) ഇവരെ ഒരു വർഷത്തിൽ കൂടുതൽ സർവ്വീസിൽ തുടരാൻ അനുവദിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 61

(സി) കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് ഉള്ളതാണ് കാരണം.

(ഡി) ഉണ്ട്.

(ഇ & എഫ്) കോടതി വിധിയനുസരിച്ച് പിരിച്ചുവിടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) കോടതി വിധിയുടെ അടിസ്ഥാനത്തിലും ആരോഗ്യ വകുപ്പു പരിശീലനം നൽകി രണ്ടു വർഷം നിർബന്ധ സേവനം വ്യവസ്ഥ ചെയ്തിട്ടുള്ള വരുമല്ലാതെയുള്ളവരെ ഒരു വർഷത്തിൽ കൂടുതൽ തുടരാൻ അനുവദിച്ചിട്ടില്ല.

സാന്ത്വന ചികിത്സാ സമ്പ്രദായം

158 (3348) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാന്ത്വന ചികിത്സാ സമ്പ്രദായം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് ;

(സി) ഈ ചികിത്സയുടെ പ്രത്യേകതകൾ എന്തെല്ലാം ;

(ഡി) ഈ ചികിത്സയിൽ കഴിയുന്നവരുടെ കണക്കെടുത്തിട്ടുണ്ടോ ;

(ഇ) മാറാരോഗികളുടെ സാന്ത്വന ചികിത്സക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റീജിയണൽ കാൻസർ സെന്റർ, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകൾ, പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ, കോഴഞ്ചേരി, കൊല്ലം, പാലക്കാട് എന്നീ ജില്ല ആശുപത്രികൾ, എറണാകുളത്തും പാലക്കാടുമുള്ള ഏർളികാൻസർ ഡിറ്റക്ഷൻ സെന്ററുകൾ, കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള പെയിൻ ആന്റ് പാലിയേറ്റീവ് സെന്ററിന്റെ ഉപകേന്ദ്രങ്ങളിലും സാന്ത്വന ചികിത്സ നൽകി വരുന്നുണ്ട്.

(സി) വേദന, ശ്വാസംമുട്ട്, വ്രണങ്ങൾ തുടങ്ങിയ ശാരീരികമായ ബുദ്ധിമുട്ടുകൾ മാറ്റുന്നതോടൊപ്പം രോഗിക്കും കുടുംബത്തിനും മാനസികവും സാമൂഹ്യവുമായ താങ്ങ് നൽകുന്നു. കൂടാതെ രോഗിക്ക് മെച്ചപ്പെട്ട ജീവിതവും ചിലവ് കുറഞ്ഞ ചികിത്സയും ലഭ്യമാക്കുന്നതും ഈ ചികിത്സാ രീതിയുടെ പ്രത്യേകതകളാണ്.

(ഡി) പ്രതിവർഷം റീജിയണൽ കാൻസർ സെന്ററിൽ 2200 പേരും കോഴിക്കോട് പെയിൻ ആന്റ് പാലിയേറ്റിവ് കെയർ സെന്ററിൽ 2500-ഉം മറ്റ് ഉപകേന്ദ്രങ്ങളിൽ ഏകദേശം 300 ഓളം പേർക്കും ഈ ചികിത്സ ലഭിക്കുന്നുണ്ട്. കേരളത്തിൽ സാന്ത്വന ചികിത്സ ആവശ്യമുള്ളവരുടെ എണ്ണം 50,000ൽ കൂടാനാണ് സാദ്ധ്യത.

(ഇ) അഞ്ചു സർക്കാർ ആശുപത്രികളിൽ ഇപ്പോഴുള്ള സാന്ത്വന ചികിത്സാ സമ്പ്രദായം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഇതിനായി 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി കോഴിക്കോടിനും (6.75 ലക്ഷം) പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി തൃശ്ശൂരിനും (3.25 ലക്ഷം) ആയി വീതിച്ചു നൽകിയിട്ടുണ്ട്. മോർഫിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി അതിനുള്ള എക്സൈസ് നിയന്ത്രണങ്ങളിൽ അയവ് വരുത്തിയിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡി-അഡിക്ഷൻ സെന്റർ

159 (3349) ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയോടനുബന്ധിച്ച് ഡി-അഡിക്ഷൻ സെന്ററിനുവേണ്ടി കെട്ടിടം നർമ്മിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പണം പ്രസ്തുത കെട്ടിടം പണിക്ക് ചെലവഴിച്ചിട്ടുണ്ടോ;

(സി) കെട്ടിടം പണി ഏതുഘട്ടത്തിലാണ്;

(ഡി) ഈ ഇനത്തിലുള്ള എട്ട് ലക്ഷം രൂപ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ നടപടി കേന്ദ്ര ഗവൺമെന്റിന്റെ മാർഗ നിർദ്ദേശങ്ങൾ അനുസരിച്ചാണോ;

LIBRARY ARCHIVES Kerala Legislative Assembly